



ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ ചാമ്പ്യന്മാരായ വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമി ടീമുകൾ

**ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പ്** മാധ്യമം

# വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമിക്ക് ഇരട്ട കിരീടം

**വളാഞ്ചേരി:** ഒമ്പതാമത് ജില്ല ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി.

വളാഞ്ചേരി എം.ഇ.എസ്.എച്ച്.എസ്.എസിൽ നടന്ന ചാമ്പ്യൻഷിപ്പിൽ കനത്ത മഴ കാരണം ഫൈനൽ മത്സരങ്ങൾ നടത്താൻ സാധിച്ചില്ല. തുടർന്ന് ടോസിലൂടെയാണ് എല്ലാ വിഭാഗത്തിലും വിജയികളെയും തെരഞ്ഞെടുത്തത്. ആൺകുട്ടികളിൽ യുനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് സ്പോർട്സ് ക്ലബും എസ്.എൻ.എം.എച്ച്.എസ്.എസ് പരപ്പനങ്ങാടിയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

പെൺകുട്ടികളുടെ വിഭാഗത്തിൽ മാർത്തോമാ സ്പോർട്സ് അക്കാദമിയും ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്.എസുമാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയത്. മികച്ച കളിക്കാരായി മാർത്തോമാ സ്പോർട്സ് അക്കാദമിയിലെ ഹെൽനയെയും കെ.എച്ച്.എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമിയിലെ അഭിനന്ദിനെയും തെരഞ്ഞെടുത്തു. ജില്ല മിനി ത്രോബാൾ ചാമ്പ്യൻഷിപ്പിൽ ടോസിലൂടെ ആൺകുട്ടികളുടെ വിഭാഗത്തിൽ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയെ തോൽപ്പിച്ച് മാർത്തോമാ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ യാക്കാ സ്പോർട്സ് പെരിന്തൽമണ്ണയെ തോൽപ്പിച്ച് ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യന്മാരായി.

ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം ജില്ല സ്പോർട്സ് കൗൺസിൽ ഒബ്സെർവർ കെ. വത്സല നിർവഹിച്ചു. സമാപന സമ്മേളനത്തിൽ സംസ്ഥാന ത്രോബാൾ അസോസിയേഷൻ ഒബ്സെർവർ അനന്തദാസൻ സമ്മാനദാനം നിർവഹിച്ചു.

സീനിയർ വൈസ് പ്രസിഡന്റ് പി. വിബിൻ സംസാരിച്ചു. ജില്ല ത്രോബാൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് യഹ്യ കുനരി സ്വാഗതം പറഞ്ഞു. അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശ്ശേരി നന്ദി പറഞ്ഞു. ഇടുക്കിയിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യഷിപ്പിനുള്ള ജില്ല ടീം ക്യാമ്പിലേക്കുള്ള കളിക്കാരെയും തെരഞ്ഞെടുത്തു.

# മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് 11ന്

വളാഞ്ചേരി

ജില്ലാ ജൂനിയർ ആൻഡ് മിനി ത്രോബോൾ ഒന്നാമത് ചാമ്പ്യൻഷിപ്പ് സെപ്തംബർ 11ന് വളാഞ്ചേരി ഇരിമ്പിളിയം എംഇഎസ്എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. താൽപ്പര്യമുള്ള ടീമുകൾ ത്രോബോൾ അസോസിയേഷന്റെ (www.throwball kerala.com) സൈറ്റിൽ രജിസ്റ്റർ ചെയ്യണം.

ജൂനിയർ 2005 ജനുവരി ഒന്നിന് ശേഷവും മിനി 2011 ജനുവരി ഒന്നിന് ശേഷവും ജനിച്ചവർക്കേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാവൂ. സെപ്തംബർ 16 മുതൽ 18 വരെ ഇടുക്കിയിൽ നടക്കുന്ന സംസ്ഥാന ജൂനിയർ ആൻഡ് മിനി ചാമ്പ്യൻഷിപ്പിനുള്ള മലപ്പുറം ജില്ലാ ടീമിനെ ചാമ്പ്യൻഷിപ്പിൽനിന്നും തെരഞ്ഞെടുക്കും. ഫോൺ: 8590806050.

# ജില്ല ജൂനിയർ ആൻഡ് മിനി ത്രോബാൾ ചാമ്പ്യൻഷിപ്

മാധ്യമം

**വളാഞ്ചേരി:** ഒമ്പതാമത് ജില്ല ജൂനിയർ ആൻഡ് ജില്ല മിനി ത്രോബാൾ ചാമ്പ്യൻഷിപ് സെപ്റ്റംബർ 11ന് വളാഞ്ചേരി ഇരിമ്പിളിയം എം.ഇ.എസ് എച്ച്.എസ്.എസ് ഗ്രൗണ്ടിൽ നടക്കും. അസോസിയേഷന്റെ www.throwballkerala.com എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്ത ടീമുകൾകും കളിക്കാർക്കും മാത്രമേ പങ്കെടുക്കാൻ സാധിക്കു. ഓപൺ സെലക്ഷൻ ഇല്ല. ജൂനിയർ ജനന തീയതി 01/01/2005ന് ശേഷവും മിനി വിഭാഗത്തിൽ 01/01/2011ന് ശേഷവും ജനിച്ചവർക്ക് മാത്രമേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ സാധിക്കു. സെപ്റ്റംബർ 16 മുതൽ 18 വരെ തിയതികളിൽ ഇടുക്കിയിൽ നടക്കുന്ന സംസ്ഥാന ജൂനിയർ ആൻഡ് മിനി ചാമ്പ്യൻഷിപ്പിനുള്ള ജില്ല ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്നും തിരഞ്ഞെടുക്കും. ഫോൺ: 8590806050.

# ജില്ലാ ജൂനിയർ ആൻഡ് മിനി ത്രോബോൾ ചാംപ്യൻഷിപ് സെപ്റ്റംബർ 11ന്

കോട്ടയ്ക്കൽ ● ജില്ലാ ജൂനിയർ ആൻഡ് മിനി ത്രോബോൾ ചാംപ്യൻഷിപ് സെപ്റ്റംബർ 11ന് ഇരിമ്പിളിയം എംഇഎസ് എച്ച്എസ്എസ് മൈതാനത്തു നടക്കും.

ത്രോബോൾ അസോസിയേഷന്റെ www.throwballkerala.com എന്ന സൈറ്റിൽ റജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ഓപ്പൺ സിലക്ഷൻ ഉണ്ടായിരിക്കുന്നതല്ല. ഫോൺ- 8590806050.

## ജില്ലാ ജൂനിയർ ത്രോബോൾ

# വാളക്കുളം കെ.എച്ച്.എം. ഹയർ സെക്കൻഡറിക്ക് ഇരട്ടക്കിരീടം



ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസ്. സ്പോർട്സ് അക്കാദമി അംഗങ്ങൾ



പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസ് സ്പോർട്സ് അക്കാദമിയിലെ കുട്ടികൾ

**വളാഞ്ചേരി ▸** ഇരിമ്പിളിയം എം.ഇ.എസ്. ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ഒമ്പതാമത് മലപ്പുറം ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ വാളക്കുളം കെ.എച്ച്.എം.എച്ച്.എസ്.എസ്. സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി. കനത്ത മഴകാരണം ഫൈനൽമത്സരങ്ങൾ നടത്താനായില്ല. തുടർന്ന് ടോസിലൂടെയാണ് എല്ലാ വിഭാഗത്തിലും വിജയികളെ തിരഞ്ഞെടുത്തത്.

ആൺകുട്ടികളുടെ വിഭാഗത്തിൽ യൂണിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ്. സ്പോർട്സ് ക്ലബ്ബും എസ്.എൻ.എം.എച്ച്.എസ്.എസ്. പരപ്പനങ്ങാടിയും യഥാക്രമം രണ്ടും മൂന്നും സ്ഥാനക്കാരായി. പെൺകുട്ടികളുടെ വിഭാഗത്തിൽ മാർത്തോമ സ്പോർട്സ് അക്കാദമിയും എം.ഇ.എസ്. വളാഞ്ചേരിയുമാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയത്. മികച്ച കളിക്കാരായി മാർത്തോമ സ്പോർട്സ് അക്കാദമിയിലെ ഹെൽനയേയും കെ.എച്ച്.എം.എച്ച്.എസ്.എസ്. സ്പോർട്സ് അക്കാദമിയിലെ അഭിനന്ദിനെയും തിരഞ്ഞെടുത്തു.

ഒന്നാമത് മലപ്പുറം ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ടോസിലൂടെ ആൺകുട്ടികളുടെ വിഭാഗത്തിൽ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയെ തോൽപ്പിച്ച് മാർത്തോമ സ്പോർട്സ് അക്കാദമി ജേതാക്കളായി. പെൺകുട്ടികളുടെ വിഭാഗത്തിൽ യാക്കാ സ്പോർട്സ് അക്കാദമിയെ തോൽപ്പിച്ച് ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യന്മാരായി. ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ കെ. വത്സല മത്സരങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന ത്രോബോൾ അസോസിയേഷൻ ഒബ്സർവർ അനന്തദാസൻ സമ്മാനദാനം നടത്തി. ഇടുക്കിയിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീം ക്യാമ്പിലേക്കുള്ള കളിക്കാരെ തിരഞ്ഞെടുത്തു.

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# വാളക്കുളം കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിക്ക് ഇരട്ടക്കിരീടം

വളാഞ്ചേരി

ഇരിമ്പിളിയം എംഇഎസ് എച്ച്എസ്എസിൽ നടന്ന ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ വാളക്കുളം കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമി ചാമ്പ്യൻമാർ. മഴ കാരണം ഫൈനൽ മത്സരങ്ങൾ നടക്കാത്തതിനാൽ ടോസിലൂടെയാണ് വിജയികളെ തെരഞ്ഞെടുത്തത്. ആൺകുട്ടികളിൽ യൂണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് സ്പോർട്സ് ക്ലബ്, എസ്എൻഎം എച്ച്എസ്എസ് പരപ്പനങ്ങാടി എന്നിവ രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ മാർത്തോമാ സ്പോർട്സ് അക്കാദമിയും എംഇഎസ് വളാഞ്ചേരിയുമാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയത്. ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരായി മാർത്തോമാ സ്പോർട്സ് അക്കാദമിയിലെ ഹെൽനയെയും കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിയിലെ അഭിനന്ദിനെയും തെരഞ്ഞെടുത്തു.

ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ടോസിലൂടെ ആൺകുട്ടികളുടെ വിഭാഗത്തിൽ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയെ തോൽപ്പിച്ച് മാർത്തോമാ സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ യാക്കാ സ്പോർട്സ് പെരിന്തൽമണ്ണയെ തോൽപ്പിച്ചുകൊണ്ട് ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യൻമാരായി. ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സെർവർ കെ വത്സല ചാമ്പ്യൻഷിപ്പ് ഉദ്ഘാടനംചെയ്തു. സംസ്ഥാന ത്രോബോൾ അസോസിയേഷൻ ഒബ്സെർവർ കെ അനന്തദാസൻ സമ്മാനദാനം നിർവഹിച്ചു. സീനിയർ വൈസ് പ്രസിഡന്റ് പി വിബിൻ സംസാരിച്ചു. ജില്ലാ അസോസിയേഷൻ വൈസ് പ്രസിഡന്റ് പി യഹ്‌യ കൂനരി സ്വാഗതവും അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശേരി നന്ദിയും പറഞ്ഞു.